**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3625** **26-10-2021 - ൽ മറുപടിയ്ക്ക്**

**കെ.എസ്.ആർ.ടി.സി. യിലെ ശമ്പള പരിഷ്കരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ** | | **Shri Antony Raju**<br>**(ഗതാഗത വകുപ്പ് മന്ത്രി)** | |
| (എ) | 1.3.2016 മുതൽ പ്രാബല്യത്തിൽ വരേണ്ട ശമ്പളപരിഷ്കരണം നടപ്പിലാക്കാത്തത് എന്തുകൊണ്ടാണ്; അറിയിക്കുമോ; | (എ) | സാമ്പത്തിക പ്രതിസന്ധികാരണമാണ് കെ.എസ്.ആർ.ടി.സി.യിൽ 01.03.2016 മുതൽ പ്രാബല്യത്തിൽ വരേണ്ട ശമ്പള പരിഷ്കരണം നടപ്പിലാക്കുന്നതിന് കാലതാമസം ഉണ്ടായിട്ടുള്ളത്. കോവിഡ് മഹാമാരിയുടെ ഭാഗമായി ഉണ്ടായ പ്രതികൂല സാഹചര്യങ്ങളാൽ കൂടുതൽ പ്രതിസന്ധിയിലായ കോർപ്പറേഷനിൽ, ശമ്പള പരിഷ്കരണം നടപ്പിലാക്കാൻ നിശ്ചയിച്ചിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് അംഗീകൃത തൊഴിലാളി സംഘടനാ പ്രതിനിധികളുമായി ചർച്ചകൾ പുരോഗമിച്ചുവരികയാണ്. |
| (ബി) | കെ.എസ്.ആർ.ടി.സി. റൂട്ടുകൾ നിർണയിക്കുന്നത് ജീവനക്കാരുടെ അഭിപ്രായം തേടിയാണോ; ദൈനംദിന പ്രവർത്തനങ്ങളിൽ ജീവനക്കാരുടെ അഭിപ്രായങ്ങൾ തേടാറുണ്ടോ; വ്യക്തമാക്കുമോ; | (ബി) | കെ.എസ്.ആർ.ടി.സി.യിൽ, ആവശ്യമായ സാദ്ധ്യതാപഠനത്തിന്റെ അടിസ്ഥാനത്തിലുള്ള റിപ്പോർട്ടുകൾ പരിശോധിച്ചാണ് റൂട്ടുകൾ നിർണ്ണയിക്കുന്നത്. ദൈനംദിന പ്രവർത്തനങ്ങളിൽ യൂണിറ്റ് തലത്തിൽ ജീവനക്കാരുടെ അഭിപ്രായങ്ങൾ തേടാറുണ്ട്. |
| (സി) | ഗതാഗതക്കുരുക്ക് കൂടി പരിഗണിച്ചിട്ടാണോ പുതിയ സർവ്വീസ് തുടങ്ങുന്നതിനുമുൻപുള്ള റണ്ണിംഗ് ടൈം തീരുമാനിക്കുന്നത്; | (സി) | അതെ. റോഡുകളുടെ പ്രത്യേകത, സർവ്വീസുകളുടെ ഇനം തുടങ്ങി നിരവധി ഘടകങ്ങൾ റണ്ണിംഗ് ടൈം നിശ്ചയിക്കുന്നതിന് പരിഗണിക്കാറുണ്ട്. |
| (ഡി) | കെ.എസ്.ആർ.ടി.സി. വാഹനം ഓടിക്കുമ്പോൾ ഉണ്ടാകുന്ന ക്യാമറ ഫൈൻ, അപകടം ഉണ്ടാകുമ്പോൾ സ്വന്തമായി കേസ് നടത്തുന്നത് തുടങ്ങിയ കാര്യങ്ങളിൽ ജീവനക്കാർക്ക് കെ.എസ്.ആർ.ടി.സി. നേരിട്ട് നിയമ സംരക്ഷണം നൽകുവാൻ നടപടി സ്വീകരിക്കുമോ; | (ഡി) | സർവ്വീസ് നടത്തുന്നതിടയിലുണ്ടാകുന്ന അപകടം മൂലം ഉണ്ടാകുന്ന MACT കേസുകളിൽ കോർപ്പറേഷൻ നേരിട്ട് കേസ് നടത്തുന്നുണ്ട്. കെ.എസ്.ആർ.ടി.സിക്കെതിരെ നഷ്ടപരിഹാരമായി വിധിക്കുന്ന തുക കെ.എസ്.ആർ.ടി.സി നൽകുന്നുമുണ്ട്. കെ.എസ്.ആർ.ടി.സി.യുടെ ബസ്സുകളിൽ ജോലി നിർവ്വഹിക്കുന്നതിനിടയിൽ ഉണ്ടാകുന്ന സംഭവങ്ങൾ കാരണം കേസുകളിൽ പ്രതിസ്ഥാനത്ത് ഹാജരാകേണ്ടിവരുന്ന സ്ഥിരം ജീവനക്കാർക്ക് ലീഗൽ എക്സ്പെൻസ്, റീ-ഇംബേഴ്സ്മെന്റ് ഇനത്തിൽ പരമാവധി 2,000/- |

| | | | |
|---|---|---|---|
| | | | ്രൂപ അനുവദിക്കുന്നുണ്ട്. പ്രസ്തുത കേസുകളിൽ കുറ്റാരോപിതരായ ജീവനക്കാരെ വെറുതെ വിടുന്നപക്ഷം അവർ യഥാർത്ഥത്തിൽ കോടതിയിൽ ഹാജരായ ദിവസങ്ങൾക്ക് [പരമാവധി 20 (ഇരുപത്) ദിവസം] പ്രത്യേക അവധി (Special Leave) അനുവദിക്കും. എന്നാൽ, ജീവനക്കാരുടെ ഭാഗത്തുനിന്നുണ്ടാകുന്ന നിയമലംഘനത്തിന് കോർപ്പറേഷന് ഉത്തരവാദിത്തമുണ്ടായിരിക്കുന്നതല്ല. ജീവനക്കാരുടേതായ വീഴ്ചകൊണ്ട് പ്രതിപട്ടികയിൽ ഉൾപ്പെടുന്ന ജീവനക്കാർക്ക് കോർപ്പറേഷന്റെ ഭാഗത്തുനിന്നും നിയമസഹായം ലഭിക്കുന്നതല്ല. എന്നാൽ, അത്തരം പ്രതിപ്പട്ടികയിൽപ്പെടുന്ന ജീവനക്കാർക്ക് കോർപ്പറേഷന്റെ സ്റ്റാന്റിംഗ് കൗൺസലുമായി കേസ് വിശകലനം ചെയ്യുന്നതിനോ ആവശ്യമായ നിയമോപദേശം തേടുന്നതിനോ തടസ്സമില്ല. |
| (ഇ) | കെ.എസ്.ആർ.ടി.സി. ജീവനക്കാർക്ക് ബസ് സ്റ്റേഷനുകളിൽ വൃത്തിയുള്ള വിശ്രമമുറികൾ ഒരുക്കുമോ? | (ഇ) | കെ.എസ്.ആർ.ടി.സി.യിലെ ജീവനക്കാർക്കായി toilet, rest-room തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെട്ട രീതിയിൽ ലഭ്യമാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരികയാണ്. |

സെക്ഷൻ ഓഫീസർ